# *Prospectus*

# MAKHDOOMIYYA

## DA-WA COLLEGE

(Under Quadisiyya Islamic Complex Regd.)
Markaz Nagar, Parayathukonam.P.O,Kizhuvilam
Attingal 695104/ Ph : +91 470 2158786, 2646869
www.makhdoomiyya.in
email : makhdoomiyyaattingal@gmail.com





## മഖ്ദൂമിയ്യ ദഅ്വ കോളേജ്

മാറുന്ന ലോകം അതിന്റെ നവപര്യടന പഥങ്ങളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. മറുവശത്ത് ഭൂമുഖത്ത് നിന്ന് ധർമ്മദ്യുതിയും നഷ്ടമായിക്കൊണ്ടിരിക്കുന്നു. ആധുനികതയുടെ അധിനിവേശം അഖില മേഖലകളിലും കൻമഷം ചൊരിഞ്ഞ് കൊണ്ടിരിക്കുകയാണ്.

കാലാതീതമായ ഇസ്ലാമിക സിദ്ധാന്തങ്ങളാണ് ഛിദ്രവാസനകളുണർത്തുന്ന വൈര സംസ്കൃതിക്കെതിരെ വൻമതിൽ സൃഷ്ടിക്കുന്നതെന്നതിനാൽ അവയെ പ്രബോധനം ചേയ്യേണ്ടത് നമ്മുടെ ബാധ്യതയാണ്. പക്ഷെ, സാർവകാലികവും ദാർശനികപരിവേഷം ചാർത്തപ്പെട്ടിട്ടുള്ളതുമായ ഇസ്ലാമിക പ്രസ്ഥാനത്തെ കാലാനുസൃതമായി പ്രചരിപ്പിക്കുന്നതിൽ നാം വീഴ്ച വരുത്തിക്കൊണ്ടിരിക്കുന്നു.

ക്രാന്തദൃഷ്ടിയും കാലികബോധവുമുള്ള പാരംഗതരായപണ്ഡിതവിചക്ഷണരുടെ നേതൃത്വവും കർമ്മണ്യതയുമേ ഇതിന് പരിഹാരമായുള്ളൂ. ഇവിടെയാണ് നാം നവോത്ഥാനത്തിന് പീഠമൊരുക്കേണ്ടത്.
ഇസ്ലാമിന്റെ ഋജുരേഖയിൽ നിന്ന് വ്യതിചലിച്ച്കൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിൽ സർവതലസ്പർശിയായ ഇസ്ലാമിക ദർശനത്തെ ബോധനം ചെയ്യുവാൻ കഴിവുള്ള വിചക്ഷണരായ പണ്ഡിതസമൂഹത്തെ നാം വാർത്തെടുക്കേണ്ടതുണ്ട്. ആധുനിക ശാസ്ത്രത്തിന്റെയും വിവരസാങ്കേതികവിദ്യകളുടെയും നൻമകളും ഇസ് ലാമിക മൂല്യങ്ങളും ഇഴചേരുന്ന പാഠ്യപദ്ധതിയിലൂടെ ഒരു പണ്ഡിത സമൂഹത്തെ വളർത്തിയെടുക്കുകയാണ് **മഖ്ദൂമിയ്യ ദഅ്വകോളേജ്.** വിദ്യാഭ്യാസ മേഖലയിൽ ആത്മീയഭൗതികസമന്വയ പാഠ്യപദ്ധതി എന്ന പുതിയ മാനം നൽകിയ ഈ സ്ഥാപനം ദക്ഷിണകൈരളിയിൽ ആദ്യത്തേതാണ്.

പൂർണ്ണമായും ഇസ്ലാമിക വിതാനത്തിൽ നിന്ന് കൊണ്ട് തന്നെ, കാലോചിതമാറ്റങ്ങളെ ഉൾക്കൊള്ളുന്ന, പ്രബോധന പ്രവർത്തനങ്ങൾക്ക് പ്രാപ്തരായ, പണ്ഡിതകൃതമുഖരെ വാർത്തെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

## Course Details

| | | |
|---|---|---|
| പരിശീലനകാലം | : | 7 വർഷം |
| പ്രവേശനം | : | സമർത്ഥരായ ആൺകുട്ടികൾക്ക് യോഗ്യതാടിസ്ഥാനത്തിൽ മാത്രം |
| യോഗ്യത | : | ■ ഉയർന്ന ഗ്രേഡോടുകൂടിയുള്ള എസ്.എസ്.എൽ.സി.വിജയം |
| | | ■ മദ്രസ ഏഴാം തരം വിജയം / തത്തുല്യയോഗ്യത |

## ലക്ഷ്യം

ഇസ്‌ലാമിക പ്രബോധനത്തിനായി നവലോകത്തിന്റെ ആവശ്യകതകളെ അറിഞ്ഞ് പ്രതികരിക്കുവാൻ ശേഷിയും ആത്മീയ ഭൗതികമേഖലകളിൽ പ്രാവീണ്യവും ഉള്ള പണ്ഡിത വിചക്ഷണരുടെ സൃഷ്ടിപ്പിനെയാണ് മഖ്ദൂമിയ്യ ലക്ഷ്യമാക്കുന്നത്.

## പഠനമേഖലകൾ

ആത്മീയ ഭൗതിക മേഖലകളെ സമന്വയിപ്പിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയാണ് സ്ഥാപനം ആവിഷ്കരിച്ചിട്ടുള്ളത്. ഇന്ത്യൻ ഇസ് ലാമിക് യൂണിവേഴ്സിറ്റിയുടെ ഹയർ സെക്കണ്ടറി ഇൻ ഇസ്‌ലാമിക് സയൻസ്, ബാച്ച്ലർ ഓഫ് ഇസ്‌ലാമിക് സയൻസ്, എന്നീ ഇസ്‌ലാമിക കോഴ്സുകൾക്കൊപ്പം ഭൗതിക പഠനത്തിനായി സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ ഹയർ സെക്കണ്ടറി, കേരളയൂണിവേഴ്സിറ്റിയുടെ ഡിഗ്രി, കേന്ദ്ര സർക്കാർ അംഗീകൃത ഡിപ്ലോമ ഇൻ ഫങ്ഷണൽ അറബി, ഡിപ്ലോമ ഇൻ ഉർദു ലാംഗ്വേജ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളും നൈസർഗികോന്നമനത്തിനായി വിവിധ തരത്തിലുള്ള പരിശീലനങ്ങളും വിദ്യാർത്ഥികൾക്ക് നൽകുന്നു.





# COURSES OFFERED

## ഇസ്‌ലാമിക് സയൻസ്

### ഹയർസെക്കന്ററി ഇൻ ഇസ്‌ലാമിക് സയൻസ് (കാലയളവ് : 2 വർഷം)

- ഇസ്‌ലാമിക് മോറൽ സയൻസ്
- ഖുർആൻ പഠനം
- അറബി വ്യാകരണം
- ഇസ്‌ലാമിക കർമ്മ ശാസ്ത്രം
- മോഡേൺ അറബി

### ബാച്ച്ലർ ഓഫ് ഇസ്‌ലാമിക് സയൻസ് (കാലയളവ് 5 വർഷം)

- ഇസ്‌ലാമിക വിശ്വാസ ശാസ്ത്രം
- വിശുദ്ധ ഖുർആൻ വ്യാഖ്യാനം
- തർക്ക ശാസ്ത്രം
- ഹിഫ്ള്, ഹിസ്ബ്
- മോഡേൺ അറബി
- തത്വചിന്ത
- ഇസ്‌ലാമിക കർമശാസ്ത്രം
- ആത്മസംസ്കരണം
- അലങ്കാര ശാസ്ത്രം
- അറബി സാഹിത്യം
- ഇസ്‌ലാമിക് ജ്യൂറിസ്പ്രുഡൻസ്
- നിദാന ശാസ്ത്രം

### ജനറൽ എജ്യുക്കേഷൻ

## ഹയർ സെക്കണ്ടറി ലെവൽ

### ഹ്യുമാനിറ്റീസ്

| | |
|---|---|
| കാലാവധി | 2 വർഷം |
| പഠനമേഖലകൾ | സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, ഇസ്‌ലാമിക് ഹിസ്റ്ററി, ഇംഗ്ലീഷ്, അറബി/ മോഡേൺ അറബി |
| അവസരങ്ങൾ | സേവന മേഖല, സാമ്പത്തിക മേഖല, അധ്യാപക മേഖല , സാമൂഹ്യമേഖല, ആർട്സ് മേഖല |

### കൊമേഴ്സ്

| | |
|---|---|
| കാലാവധി | 2 വർഷം |
| പഠനമേഖലകൾ | അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, രാഷ്ട്രമീമാംസ, സാമ്പത്തിക ശാസ്ത്രം, ഇസ്‌ലാമിക് ഹിസ്റ്ററി, ഇംഗ്ലീഷ്, അറബി/ മോഡേൺ അറബി |
| അവസരങ്ങൾ | വാണിജ്യമേഖല, ബിസിനസ് മേഖല, സേവന മേഖല, സാമൂഹ്യമേഖല, സാമ്പത്തിക മേഖല. |





## ഡിഗ്രി ലെവൽ

### ബി.എ. ഇംഗ്ലീഷ് / അറബിക്

| | |
|---|---|
| കാലാവധി | 3 വർഷം |
| പഠനമേഖലകൾ | ഇംഗ്ലീഷ്/അറബി ഭാഷയും സാഹിത്യവും |
| അവസരങ്ങൾ | സേവനമേഖല, പ്രബോധനമേഖല, അധ്യാപകമേഖല, ഭാഷാപ്രാവീണ്യം, ഉന്നതപഠനം |

### ബി.ബി.എ (Bachelor in Business Administration )

| | |
|---|---|
| കാലാവധി | 3 വർഷം |
| പഠനമേഖലകൾ | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി<br>മാനേജ്മെന്റ് |
| അവസരങ്ങൾ | വാണിജ്യമേഖല, ബിസിനസ് മേഖല, സേവനമേഖല, ഉന്നതപഠനം. |

**മറ്റ് കോഴ്സുകൾ**

- ✦ ഡിപ്ലോമ ഇൻ ഉർദു ലാംഗ്വേജ്
  (കേന്ദ്രസർക്കാറിന് കീഴിൽ NCPUL നൽകുന്നത്)
- ✦ ഡിപ്ലോമ ഇൻ ഫങ്ഷണൽ അറബിക്
  (കേന്ദ്ര സർക്കാരിന് കീഴിൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹയർ എജ്യൂക്കേഷൻ നൽകുന്നത്)
- ✦ ഡിപ്ലോമ ഇൻ ജേർണലിസം
  (IGNOU അംഗീകൃതം)
- ✦ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ.

**പരിശീലനസ്വഭാവം**

- ✦ റസിഡൻഷ്യൽ ടൈപ്പ്
- ✦ തിയറി ക്ലാസുകൾ
- ✦ സെമിനാർ
- ✦ പ്രസംഗപരിശീലനം
- ✦ സംവാദം
- ✦ മോഡൽ സ്റ്റഡി
- ✦ പ്രബോധന പരിശീലനം
- ✦ കംപ്യൂട്ടറൈസ്ഡ് റഫറൻസ്
- ✦ സംഘാടക പരിശീലനം
- ✦ സെമസ്റ്റർ സിസ്റ്റം
- ✦ പ്രാക്ടിക്കൽ ക്ലാസുകൾ
- ✦ സിമ്പോസിയം
- ✦ രചനാപരിശീലനം
- ✦ ചാർട്ട്
- ✦ പഠനയാത്രകൾ
- ✦ ലീഡർഷിപ്പ് ട്രെയിനിംഗ്
- ✦ സ്റ്റുഡന്റ്സ് പാർലമെന്റ്
- ✦ മോട്ടിവേഷൻ പ്രോഗ്രാം





**പഠനസൗകര്യങ്ങൾ**

- ✦ റഫറൻസ് ലൈബ്രറി : ആത്മീയ ഭൗതിക മേഖലകളെ അധികരിച്ചുള്ള വിപുലമായ ഗ്രന്ഥശേഖരമാണ് കാമ്പസിൽ വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ളത്.
- ✦ ഐ.ടി.ലാബ് : നവീന സാങ്കേതിക വിദ്യകളുടെ വളർച്ചയെ ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ ലാബ് കാമ്പസിൽ സജ്ജീകരിച്ചിരിക്കുന്നു.
- ✦ മിതമായ ഭക്ഷണ താമസ സൗകര്യങ്ങൾ സൗജന്യമായി സ്ഥാപനം നൽകുന്നു.

**പാഠ്യപദ്ധതി**

സപ്തവത്സര പാഠ്യപദ്ധതിയാണ് മഖ്ദൂമിയ്യയിൽ ആവിഷ്കരിച്ചിട്ടുള്ളത്. ആദ്യ രണ്ട് വർഷം ഹയർ സെക്കണ്ടറി തലത്തിൽ ഇസ്‌ലാമിക ശാസ്ത്രത്തിലും പൊതുവിദ്യാഭ്യാസത്തിലും പഠനം നടത്തുവാൻ സ്ഥാപനം വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു.

ശേഷമുള്ള അഞ്ച് വർഷം ഇസ്‌ലാമിക വിദ്യാഭ്യാസത്തിൽ ബാച്ച്ലർ (മുഖ്തസ്വർ) തലം പൂർത്തീകരിക്കുവാനുള്ളതാണ്. ഇസ്‌ലാമിക വിദ്യാഭ്യാസത്തോടൊപ്പം ബിരുദവും ഉർദു, അറബി, ഇംഗ്ലീഷ് ഭാഷകളിൽ പരിജ്ഞാനവും നൽകപ്പെടുന്നു.

ഏഴ് വർഷത്തിന് ശേഷം ഉന്നതപഠനത്തിന് താൽപര്യവും അഭിവാഞ്ജയും ഉള്ള വിദ്യാർത്ഥികൾക്ക് അതിനുള്ള സൗകര്യങ്ങളും സ്ഥാപനം ചെയ്ത് കൊടുക്കുന്നുണ്ട്. സിവിൽ സർവ്വീസ്, എം.ബി.എ പോലുള്ള ലോകോത്തര കോഴ്സുകളും വിദ്യാർത്ഥികളുടെ അഭിരുചിക്കും താത്പര്യത്തിനുമനുസൃതമായി സ്ഥാപനത്തിന്റെ സഹായസഹകരണത്തോടെ ചെയ്യാവുന്നതാണ്.

## രക്ഷിതാക്കളുടെ പങ്കാളിത്തം

വിദ്യാർത്ഥികളുടെ പഠന പുരേഗതി നിരന്തരം വിലയിരുത്തേണ്ടത് രക്ഷിതാക്കളുടെ കടമയാണ്. ഇതിനായി സ്ഥാപനാധികൃതരുമായും അധ്യാപകരുമായും നിരന്തരം സമ്പർക്കം പുലർത്തേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പരീക്ഷാ ഫലങ്ങളെ വിലയിരുത്തേണ്ടതും സ്ഥാപനത്തിൽ നടക്കുന്ന രക്ഷകർതൃ സംഗമങ്ങളിൽ കൃത്യമായും പങ്കെടുക്കേണ്ടതുമാണ്.

## അപേക്ഷ

എസ്.എസ്.എൽ.സി പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം അപേക്ഷ ഓഫീസിൽ ലഭിച്ചിരിക്കണം. ഫോം 100 രൂപ അടച്ച് ഓഫീസിൽ നിന്നും നേരിട്ടോ 110 രൂപ എം.ഒ. അയച്ച് തപാലിലൂടെയോ www.quadisiyya.com, www.makhdoomiyya.in എന്നീ വെബ്സൈറ്റിലോ ഉള്ള ലഭിക്കുന്നതാണ് .





## ഇന്റർവ്യൂ

ഇന്റർവ്യൂ പാസ്സായ സമർത്ഥരായ ആൺകുട്ടികൾക്ക് മാത്രമേ തുടർപഠനത്തിന് അവസരമുള്ളൂ. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ളപ്രവേശന പരീക്ഷക്ക് മുമ്പ് പൂരിപ്പിച്ച അപേക്ഷാഫോറം ഓഫീസിൽ ഏൽപ്പിക്കേണ്ടതും, ഇന്റർവ്യൂവിന് വരുമ്പോൾ മാർക്ക്ലിസ്റ്റ്, ലഭ്യമായ സർട്ടിഫിക്കറ്റുകൾ 4 സ്റ്റാമ്പ് സൈസ് ഫോട്ടോകൾ, എന്നിവ കൊണ്ടുവരേണ്ടതുമാണ്.

മഹിതമായ ഒരു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തനുവേണ്ടിയായതുകൊണ്ട് പഠനസൗകര്യങ്ങൾ തികച്ചും സൗജന്യമാണ്. അതുകൊണ്ട് അകാരണമായി പഠനം നിർത്തുന്നത് അനുവദനീയമല്ല. വ്യക്തമായ കാരണമില്ലാതയോ അച്ചടക്കലംഘനം കാരണമായോ പഠനം നിർത്തുന്നവർ അതുവരെ സ്ഥാപനത്തിനു ഉണ്ടായ സാമ്പത്തിക ബാദ്ധ്യതകൾക്ക് നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥരാണ്. എങ്കിൽ മാത്രമേ സ്ഥാപനത്തിൽ സമർപ്പിക്കുന്ന രേഖകൾ തിരിച്ചു നൽകപ്പെടുകയുള്ളൂ.